പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4743 22.03.2018- ൽ മറുപടിക്ക്

## വാണിജ്യ പ്രവർത്തനങ്ങൾക്ക് കോമേഴ്സ് മിഷൻ

**ചോദ്യം** **ഉത്തരം**

**ശ്രീ.ആന്റണി ജോൺ**

**ശ്രീ. എ.സി.മൊയ്തീൻ**
(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വാണിജ്യ സംബന്ധമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കോമേഴ്സ് മിഷൻ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; | എ) & ബി) | ഈ സർക്കാർ തയ്യാറാക്കിയ കരട് വ്യവസായ വാണിജ്യ നയത്തിൽ നിക്ഷേപകരെ/ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വാണിജ്യ മിഷൻ രൂപീകരിക്കും എന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ടൂറിസം വകുപ്പുമായി ചേർന്ന് ചെറുകിട വ്യാപാര മേഖലയെ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മേളകൾ സംഘടിപ്പിക്കും. മാത്രമല്ല ദേശീയ വിദേശീയ തലങ്ങളിൽ നടക്കുന്ന മേജർ വ്യാപാരമേളകളിൽ സംരംഭക / നിക്ഷേപക പ്രതിനിധികളെ പങ്കെടുപ്പിച്ച്കൊണ്ട് അവർക്ക് വിപണികളെപ്പറ്റി അവബോധം നൽകുന്നതിനും ബിസിനസ് ബന്ധം സ്ഥാപിക്കുന്നതിനും ആവശ്യക്കാർക്ക് കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ നേരിട്ട് വിപണനം നടത്തുന്നതിനും അവസരമൊരുക്കും. വാണിജ്യമേഖലയിലെ വൈദ്യുത ഉപയോഗത്തിന്റെ നിലവിലെ നിരക്കുകളും സർക്കാർ പുനഃപരിശോധിക്കുമെന്നും, വാണിജ്യ/ സേവന മേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുമെന്നും , മൊത്ത/ ചില്ലറ വ്യാപാരികൾക്ക് ജില്ല/ സംസ്ഥാനതലത്തിൽ അവാർഡുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്നും കരട് നയത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ അതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ